ഉത്തരം

(എ) 2001-ലാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അംഗങ്ങളുടെ ഓണ റേറിയം അവസാനമായി വർദ്ധിപ്പിച്ചത്.

(ബി) വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) ഇപ്പോൾ പരിഗണനയിലില്ല.

മാലിന്യസംസ്ക്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് നടപടി

115 (3069) ശ്രീ. ജോണി നെല്ലൂർ :
ശ്രീ. കെ. കെ. ഷാജു :
ശ്രീ. ഷിബു ബേബിജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിളപ്പിൽശാല മാലിന്യ സംസ്ക്കരണ പ്ലാന്റിന്റെ മാതൃകയിൽ സംസ്ഥാനത്ത് മറ്റ് സ്ഥലങ്ങളിലും മാലിന്യ സംസ്ക്കരണ പ്ലാന്റുകൾ സ്ഥാപിക്കുവാൻ എന്തെങ്കിലും തീരുമാനം എടുത്തിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇത്തരം പ്ലാന്റുകൾ എവിടെയൊക്കെയാണ് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ;

(സി) ഇത്തരം പ്ലാന്റുകൾ സ്ഥാപിക്കുമ്പോൾ ജനസാന്ദ്രത കുറഞ്ഞ പ്രദേശങ്ങൾ കേന്ദ്രീകരിച്ചുമാത്രം പ്ലാന്റുകൾ സ്ഥാപിക്കുന്ന കാര്യം പ്രത്യേകം പരിഗണിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി) ഇത്തരം പ്ലാന്റുകൾ സ്ഥാപിക്കുമ്പോൾ കഴിയുന്നിടത്തോളം പൊതുജനങ്ങൾക്ക് ശല്യമുണ്ടാകാത്ത വിധത്തിൽ സ്ഥാപിക്കുന്നതിന് നഗരസഭകൾ നടപടികൾ കൈക്കൊള്ളുന്നതാണ്.

വിളപ്പിൽശാല ജൈവവള ഫാക്ടറിയുടെ പ്രവർത്തനം

116 (3070) ശ്രീ. എൻ. ശക്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിളപ്പിൽശാല ജൈവവള ഫാക്ടറി ബി.ഒ.റ്റി. അടിസ്ഥാനത്തിലാണോ, ബി.ഒ.ഒ.എം. അടിസ്ഥാനത്തിലാണോ ഇപ്പോൾ പ്രവർത്തിക്കുന്നത് ;

(ബി) ഈ ഫാക്ടറിക്ക് എത്ര ഏക്കർ വസ്തു നൽകിയിട്ടുണ്ട് ;

---

* അനുബന്ധം - XII

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ വസ്തു പണയപ്പെടുത്തി കമ്പനി ഏതെങ്കിലും സ്ഥാപനത്തിൽ നിന്ന് വായ്പ എടുത്തിട്ടുണ്ടോ ; എങ്കിൽ എത്ര തുക എടുത്തിട്ടുണ്ട് ;

(ഡി) ഇപ്രകാരം സർക്കാർ നൽകിയ ഭൂമി പണയപ്പെടുത്തി ലോൺ എടുക്കാൻ കമ്പനിയ്ക്ക് അവകാശം ഉണ്ടോ ;

(ഇ) കരാറിൽ കമ്പനിക്ക് ചവർ കൃത്യമായി നൽകിയില്ലെങ്കിൽ കോർപ്പറേഷൻ നഷ്ട പരിഹാരം നൽകണമെന്ന് വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ടോ ;

(എഫ്) എങ്കിൽ ഇവർക്ക് ഇതുവരെ എന്തുതുക കൊടുക്കേണ്ടതായിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ബി.ഒ.ഒ.എം. അടിസ്ഥാനത്തിലാണ് പ്രവർത്തിക്കുന്നത്.

(ബി) പന്ത്രണ്ടര (12.5) ഏക്കർ.

(സി) വായ്പ എടുത്തതായി അറിവില്ല.

(ഡി) കരാർ ഉടമ്പടി പ്രകാരം ഭൂമി പണയപ്പെടുത്തി ലോൺ എടുക്കാൻ അവകാശമുണ്ട്.

(ഇ) ഉണ്ട്.

(എഫ്) കമ്പനി ഇതുവരെ യാതൊരു തുകയും രേഖാമൂലം ആവശ്യപ്പെട്ടിട്ടില്ല.

വിളപ്പിൽശാല ജൈവവള ഫാക്ടറിയിൽ ഉൽപ്പാദിപ്പിക്കുന്ന വളത്തിന്റെ വിൽപ്പന

117 (3071) ശ്രീ. എൻ. ശക്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിളപ്പിൽശാല ജൈവവള ഫാക്ടറിയിൽ ഉല്പാദിപ്പിക്കുന്ന വളം വിറ്റഴിക്കാനുള്ള ബാദ്ധ്യത കമ്പനിക്കാണോ തിരുവനന്തപുരം കോർപ്പറേഷനാണോയെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ ഫാക്ടറിയിൽ നിന്നും സർക്കാർ ഏജൻസികൾ ആരെങ്കിലും വളം വാങ്ങിയിട്ടുണ്ടോ ; എങ്കിൽ ഏത് ഏജൻസി എത്ര ടൺ വളം വാങ്ങിയെന്ന് വ്യക്തമാക്കാമോ ;

(സി) ഈ വളത്തിനു എന്തു വില നൽകേണ്ടതായിട്ടുണ്ട് ;

(ഡി) ഈ വളം വാങ്ങിയ ഏജൻസികൾ വളം വിതരണം നടത്തിയത് വിലയ്ക്കാണോ സൗജന്യമായാണോ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കമ്പനിക്ക്.

LIBRARY ARCHIVES Kerala Legislative Assembly